# കേരളസർവകലാശാല

നം.പി.ആർ.228/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2021
### രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.
### കോളേജ് പ്രവേശനം നവംബർ 8 മുതൽ 11 വരെ

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. ഒന്നാം അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനുളളിൽ ഫീസ് അടച്ചിട്ടില്ലാത്തവർ രണ്ടാം അലോട്ട്മെന്റിൽ ഉൾപ്പെടുന്നതല്ല. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടയ്ക്കണം. ഒന്ന്, രണ്ട് ഘട്ട അലോട്ട്മന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർക്ക് പ്രൊഫൈലിൽ നിന്ന് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാൻ സാധിക്കും. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ച വിവരങ്ങളും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ടമെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. നവംബർ 8 മുതൽ കോളേജിൽ അഡ്മിഷൻ തുടങ്ങുന്നതിനാൽ അതിനു മുൻപ് തന്നെ ഫീസ് അടച്ച് മെമ്മോ ഡൗൺലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെട്ട് നവംബർ 11 നകം അഡ്മിഷൻ എടുക്കേണ്ടതാണ്. നവംബർ 11 ന് മുൻപായി കോളേജിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

ഹയർ ഓപ്ഷനായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് താൽക്കാലിക (Temporary/Provisional Admission) അഡ്മിഷനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം Temporary Admission എടുക്കുന്ന വിദ്യാർത്ഥി കോളേജിൽ ഒടുക്കേണ്ട ഫീസുകൾ നൽകേണ്ട ആവശ്യമില്ല. എന്നാൽ അലോട്ട്മെന്റ് മെമ്മോയിൽ പറയുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. കോളേജ് അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് (TemporaryAdmission/PermanentAdmission) തെരഞ്ഞെടുക്കാവുന്നതാണ്. PermanentAdmission തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യേണ്ടതാണ്.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in) സന്ദർശിക്കുക.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2021
### പുതിയ രജിസ്ട്രേഷനും അപേക്ഷയിൽ തിരുത്തലിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ യു.ജി. പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഇതുവരെ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് പുതിയ രജിസ്ട്രേഷനും, നിലവിൽ രജിസ്ട്രേഷൻ ഉള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും നവംബർ 5 മുതൽ 9 വരെ അവസരം ഉണ്ടായിരിക്കു

ന്നതാണ്. ഇത്തരത്തിൽ പുതിയ ഓപ്ഷനുകൾ നൽകുന്നവരെ മാത്രമേ അടുത്ത അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളു.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാഡമിക് വിവരങ്ങളിൽ മാത്രം (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താം. മറ്റ് തിരുത്തലുകൾക്ക് പ്രൊഫൈലിലെ ഫോറം ലിങ്ക് വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

മേൽ പറഞ്ഞ തീയതിക്കുള്ളിൽ പുതിയ ഓപ്ഷനുകൾ നൽകുന്ന വിദ്യാർത്ഥികളെ മാത്രമേ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുകയുള്ളൂ.

വിശദവിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ബി.എഡ്. പ്രവേശനം 2021 – എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി നവംബർ 10

എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ്. കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നവംബർ 10 വരെ അപേക്ഷിക്കാം. കേന്ദ്രീകൃത അലോട്ട്മെന്റിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും (പ്രൊഫൈലിൽ അവകാശപ്പെട്ടിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളുടേയും പകർപ്പ്) കമ്മ്യൂണിറ്റി ക്വാട്ടയ്ക്കായി അപേക്ഷിക്കാൻ താല്പര്യമുള്ള എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ നേരിട്ട് നവംബർ 10 (4 മണിക്ക്) മുൻപായി നൽകേണ്ടതാണ്. വിദ്യാർത്ഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകളിൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. പ്രിന്റൗട്ടിന്റെ പകർപ്പ് സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

## ബി.എഡ്. പ്രവേശനം 2021 – ഡിഫൻസ് ക്വാട്ട പ്രവേശനം കോളേജ് പ്രവേശന തീയതി നവംബർ 8

ബി.എഡ്. ട്രെയിനിംഗ് കോളേജുകളിലെ ഡിഫൻസ് ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് നവംബർ 6 ന് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ നവംബർ 8 ന് രാവിലെ 10 മണിക്ക് മുമ്പായി പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളുമായി (പ്രൊഫൈലിൽ അവകാശപ്പെട്ടിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളുടേയും പകർപ്പ്) ഹാജരാകേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

കേരളസർവകലാശാല 2021 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എഡ്. (ദ്വിവത്സര കോഴ്സ്) റെഗുലർ & സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 18 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഓഫ്ലൈനായി നവംബർ 15 വരെ സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ. സോഷ്യോളജി (വിദൂരവിദ്യാഭ്യാസം - 2018 അഡ്മിഷൻ, സപ്ലിമെന്ററി - 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ എം.എസ്.ഡബ്ല്യൂ. (സോഷ്യൽവർക്ക്) 2019 – 2021 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എം.സി.ജെ. (റെഗുലർ, സപ്ലിമെന്ററി) എന്നീ പരീക്ഷകൾ നവംബർ 15 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## യു.ഐ.എം. – എം.ബി.എ. സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ കീഴിലുള്ള യു.ഐ.എമ്മുകളിൽ എം.ബി.എ. കോഴ്സിന് ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 8 മുതൽ നടക്കുന്നതാണ്. ഒഴിവുകളും ബന്ധപ്പെടാനുള്ള നമ്പറും സഹിതമുള്ള വിശദവിവരങ്ങൾ: ഐ.സി.എം. പൂജപ്പുര – എസ്.സി. – 1 ഒഴിവ് (9400333004), യു.ഐ.എം. കൊല്ലം – എസ്.സി. – 1 ഒഴിവ് (9895509828), യു.ഐ.എം. വർക്കല – 10 (9446476187), യു.ഐ.എം. കുണ്ടറ – 25 (9747097793), യു.ഐ.എം. പുനലൂർ – 27 (8943298156), യു.ഐ.എം. അടൂർ – 43 (9400300217), യു.ഐ.എം. ആലപ്പുഴ – 36 (9447252591)

## സർട്ടിഫിക്കറ്റ് ഇൻ മാജിക്കൽ ആർട്ട് – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം ലോക പ്രശസ്ത മജീഷ്യൻ ശ്രീ.ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിലുള്ള മാജിക് അക്കാദമിയുമായി സഹകരിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന 'സർട്ടിഫിക്കറ്റ് ഇൻ മാജിക്കൽ ആർട്ട്' എന്ന കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ടീച്ചിംഗ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾക്കും സർവകലാശാല അദ്ധ്യാപകർക്കും ജീവനക്കാർക്കും വേണ്ടിയാണ് ഈ കോഴ്സ് സംഘടിപ്പിച്ചിരിക്കുന്നത്. യോഗ്യത: എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യത, കോഴ്സ് കാലാവധി: മൂന്ന് മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ. കാര്യവട്ടം ക്യാമ്പസിലെ കോംപീറ്റൻസ് ട്രെയിനിംഗ് സെന്ററിലാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്. കോഴ്സ്ഫീസ്: 12000/- രൂപ (ആദ്യ ഗഡു: 6000/- രൂപ, രണ്ടാം ഗഡു: 3000/- രൂപ, മൂന്നാം ഗഡു: 3000/- രൂപ). ഉയർന്ന പ്രായപരിധി ഇല്ല.

www.keralauniversity.ac.in നിന്നും (സർവകലാശാല വെബ്സൈറ്റ്) (Departments-Centre for Adult Continuing Education and Extension page) അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് എസ്.ബി.ഐ.യിൽ A/c.No.57002299878 ൽ 100/- രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം പി.എം.ജി.ജംഗ്ഷൻ, സ്റ്റുഡൻസ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ എത്തിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 15.

## ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി – പ്രവേശന പരീക്ഷ

കേരളസർവകലാശാലയുടെ ഒക്ടോബർ 18 ന് നടത്താൻ നിശ്ചയിച്ചിരുന്ന തിരുവനന്തപുരം കുറ്റിച്ചലെ ലൂർദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, ആലപ്പുഴ കരുവാറ്റയിലെ സ്നേഹാചാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, ആലപ്പുഴ തുറവൂരിലെ ശ്രീനാരായണഗുരു മെമ്മോറിയൽ കാറ്ററിംഗ് കോളേജ് എന്നീ കോളേജുകളിലേക്കുള്ള 2021 – 22 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നാം വർഷ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ നവംബർ 8 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

## പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലയോള കോളേജിൽ നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: ബിരുദം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 13. അപേക്ഷാഫോമിന്റെ വില: 100 രൂപ. ശ്രീകാര്യത്തുള്ള ലയോള കോളേജ് ഓഫീസിൽ നിന്നും അപേക്ഷാഫോം ലഭിക്കുന്നതാണ്. തപാലിൽ ലഭിക്കേണ്ടവർ പ്രിൻസിപ്പാളിന്റെ പേരിലെടുന്ന 100 രൂപയുടെ ഡി.ഡി.യും സ്വന്തം മേൽവിലാസമെഴുതി 5 രൂപയുടെ സ്റ്റാമ്പൊട്ടിച്ച കവറും സഹിതം പ്രിൻസിപ്പാൾ, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ശ്രീകാര്യം പി.ഒ. തിരുവനന്തപുരം – 695 017 എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഫോൺ: 0471 – 2592059, 0471 – 2591018

## സോഷ്യൽ സയൻസ് റിഫ്രഷർ കോഴ്സ്

കേരളസർവകലാശാലയിലെ യു.ജി.സി. ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ 2021 ഡിസംബർ 10 മുതൽ 23 വരെ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്ക് വേണ്ടി നടത്തുന്ന സോഷ്യൽസയൻസ് റിഫ്രഷർ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറവും വിശദവിവരങ്ങളും www.keralauniversity.ac.in/ugcasc എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തോടു കൂടി ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം – 695581 എന്ന വിലാസത്തിൽ 2021 നവംബർ 20 ന് മുൻപ് ലഭിക്കത്തക്കവണ്ണം അയയ്ക്കേണ്ടതാണ്.

## യു.എൻ. ദിനം – ക്വിസ് ഫൈനൽ മത്സരം

യു.എൻ.ദിനത്തോടനുബന്ധിച്ച് സർവകലാശാലയുടെ കൊല്ലം, ആലപ്പുഴ, പന്തളം സ്റ്റഡി സെന്ററുകളിൽ വച്ച് നടത്തിയ ക്വിസ് മത്സരത്തിന്റെ ഫൈനൽ നവംബർ 6 (ശനിയാഴ്ച) രാവിലെ 11 മണിക്ക് ആലപ്പുഴ സ്റ്റഡി സെന്ററിൽ വച്ച് നടത്തുന്നതാണ്.

തിരുവനന്തപുരം,
05.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**